കരട് പ്ലാനിൽ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണ്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്കൂട്ടിണി കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാനിൽ ടെക്നിക്കൽ സ്കൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ കരട് പ്ലാൻ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ഇളവുകൾ സംസ്ഥാനത്ത് നിലവിൽ വരും.

(ബി) സംസ്ഥാന സർക്കാർ നാഗരിക സ്വഭാവമുള്ളതും 2011-ലെ സെൻസസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നവയുമായ ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്തിട്ടുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള ഏതൊക്കെ പഞ്ചായത്തുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

6-10-2021-ലെ GO(Ms)No.226/2021/LSGD നോട്ടിഫിക്കേഷൻ പ്രകാരം 398 ഗ്രാമപഞ്ചായത്തുകളെ വില്ലേജ് പഞ്ചായത്ത് കാറ്റഗറി I, വില്ലേജ് പഞ്ചായത്ത് കാറ്റഗറി II പഞ്ചായത്തുകളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി മാറ്റം വരുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം ലഭിച്ചശേഷം നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത നിർവ്വചനത്തിന്റെ പരിധിയിൽ വരുകയെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**പരിസ്ഥിതി സംരക്ഷണം**

25 (25) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനവും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാക്കുന്ന ഒരു വികസന വീക്ഷണം പിന്തുടരുന്നുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പ്രാബല്യത്തിലുള്ള നിയമങ്ങളുടെ [പാരിസ്ഥിതിക ആഘാത നിർണ്ണയ (EIA) വിജ്ഞാപനം, തീരദേശപരിപാലന നിയന്ത്രണ നിയമം, തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) നിയമം] അടിസ്ഥാനത്തിലാണ് അനുമതി നൽകിവരുന്നത്.

(ബി) സംസ്ഥാനത്തെ സമയബന്ധിതമായി കാർബൺ ന്യൂട്രലാക്കാനുള്ള കർമ്മ പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലുണ്ട്. സംസ്ഥാനത്തെ സമയബന്ധിതമായി കാർബൺ ന്യൂട്രലാക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി പരിസ്ഥിതി വകുപ്പ് ചെയർമാനായി ഒരു Working Group രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർബൺ ബഹിർഗമനത്തിന്റെ 90 ശതമാനവും വരുന്നത് Energy and Transport സെക്ടറിൽനിന്നുമാണ്. കൂടാതെ നാല് മുതൽ അഞ്ച് ശതമാനം വരെ waste സെക്ടറിൽനിന്നും മൂന്ന് ശതമാനം Agriculture Forestry and other Land Use-ൽ നിന്നും, ഒരു ശതമാനം Industries സെക്ടറിൽനിന്നുമാണെന്നാണ് കാർബൺ ബഹിർഗമനവുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയിട്ടുള്ള വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളോട് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് Working Group ആവശ്യപ്പെട്ടിട്ടുണ്ട്. കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ വനങ്ങൾക്കും, വനത്തിന് പുറത്തുള്ള മരക്കൂട്ടങ്ങൾക്കുമുള്ള പരമ പ്രധാനമായ പങ്ക് കണക്കിലെടുത്ത് നിലവിലുള്ള വനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മരക്കൂട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ഡി) പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴി ഉണ്ടാകുന്ന ഗ്രീൻഹൗസ് വാതക ബഹിർഗമനവും അന്തരീക്ഷ മലിനീകരണവും തടയാൻ ലക്ഷ്യമിട്ട് ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഇ-വെഹിക്കിൾ നയം രൂപീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly